# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 487 05.07.2012 -ലെ മറുപടി

**കേരളത്തിന്റെ റെയിൽവേ വികസന ആവശ്യങ്ങൾ**

ചോദ്യം

ശ്രീമതി. വി. ശിവൻകുട്ടി :
" കെ. വി. വിജയദാസ് :
" പുരുഷൻ കടലുണ്ടി :
" കെ. കുഞ്ഞിരാമൻ (ഉദുമ) :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരളത്തിൽ റെയിൽവേ രംഗത്ത് ഇതിനകം പ്രഖ്യാപിക്കപ്പെട്ട ഏതെല്ലാം പദ്ധതികളാണ് ഇനിയും നടപ്പിലാക്കിയിട്ടില്ലാത്തതെന്ന് വിശദമാക്കാമോ; | (എ) | കേരളത്തിന്റെ സമഗ്ര റെയിൽവേ വികസനത്തിന് ആവശ്യമുള്ള കാര്യങ്ങളിൽ പാലക്കാട് റെയിൽകോച്ച് ഫാക്ടറി, ചേർത്തല വാഗൺ ഫാക്ടറി, Automatic Signalling System, Automatic Block Signal, മെമു ട്രെയിൻ സർവ്വീസുകൾ, റെയിൽവേ ലൈൻ വൈദ്യുതീകരണം, പാതയിരട്ടിപ്പിക്കൽ, മീറ്റർ ഗേജ് ബ്രോഡ്ഗേജാക്കുന്നത്, ആർ.ഒ.ബി.കളുടെ നിർമ്മാണം, കോച്ചുകളുടെ എണ്ണത്തിലുള്ള കുറവും ഉള്ളവയുടെ ശോച്യാവസ്ഥയും, പഴയ എറണാകുളം ടെർമിനസ് സബർബൻ ട്രെയിൻ ഹബ്ബായി പ്രവർത്തിക്കുന്നത്, പെനിൻസുലാർ റെയിൽവേ സോൺ രൂപീകരണം, തിരുവനന്തപുരത്ത് റെയിൽവേ മെഡിക്കൽ കോളേജ്, പുതിയ ലൈനുകളുടെ സർവേയും നിർമ്മാണവും, കോച്ചിംഗ് ഡിപ്പോകൾ, പിറ്റ്ലൈനുകൾ, ഗുഡ്സ് ഷെഡ്ഡുകൾ, മംഗലാപുരം - തിരുവനന്തപുരം ഹൈസ്പീഡ് റെയിൽ കോറിഡോർ, ട്രെയിൻ യാത്രക്കാരുടെ സുരക്ഷ, അണ്ടർപാസ്സിനായി ചിന്നക്കടയിൽ കൊല്ലം നഗരസഭയ്ക്ക് റെയിൽവേയുടെ 18.5 സെന്റ് സ്ഥലം കൈമാറ്റം ചെയ്യുന്നത്, ചെങ്ങന്നൂരിൽ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, തിരുവനന്തപുരത്ത് ബോട്ടിലിംഗ് പ്ലാന്റ്, തിരുവനന്തപുരം ഉൾപ്പെടെ നാല് റെയിൽവേ സ്റ്റേഷനുകൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നത്, ഡെഡിക്കേറ്റഡ് ഹൈസ്പീഡ് കോറിഡോർ, യാത്രക്കാർക്കുള്ള സൗകര്യങ്ങൾ, പുതിയ ട്രെയിനുകൾ, പ്രഖ്യാപിക്കപ്പെട്ട തീവണ്ടികളുടെ സർവ്വീസുകൾ ആരംഭിക്കുന്നത്, ട്രെയിനുകൾ ദീർഘിപ്പിക്കുന്നത്, ട്രെയിനുകൾ മാറ്റുന്നത്, ട്രെയിനുകളുടെ frequency വർദ്ധിപ്പിക്കുന്നത്, |

| | | | |
|---|---|---|---|
| | | | പാസഞ്ചർ റിസർവേഷൻ സിസ്റ്റം, ട്രെയിനുകളുടെ സ്റ്റോപ്പുകൾ എന്നിവ ഉൾപ്പെടും. ഇവയിൽ പാലക്കാട് കഞ്ചിക്കോട് റെയിൽകോച്ച് ഫാക്ടറിയുടെ തറക്കലിടീൽ ചടങ്ങ് 21.02.2012-ന് നടന്നു. ഈ പദ്ധതി സ്വകാര്യ പങ്കാളിത്തത്തോടെയുള്ള കൂട്ടു സംരംഭമായി നടത്തുന്നതിനായി ഭൂമി സർക്കാരിൽ നിന്നും വിലയ്ക്ക് വാങ്ങാമെന്ന് റെയിൽവേ നിർദ്ദേശിക്കുകയും 33.70 കോടി രൂപയ്ക്ക് 239 ഏക്കർ ഭൂമി കേന്ദ്ര സർക്കാരിന് കൈമാറുവാൻ സംസ്ഥാന സർക്കാർ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. അന്താരാഷ്ട്ര നിലവാരമുള്ളതും വളരെയധികം ആവശ്യക്കാരുള്ളതുമായ light weight Aluminium കോച്ചുകൾ നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത് എന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്. ഫാക്ടറി യാഥാർത്ഥ്യമാകുന്നതോടെ സംസ്ഥാനത്തെ വ്യവസായ - തൊഴിൽ മേഖലകളിൽ ഗണ്യമായ വികസനം പ്രതീക്ഷിക്കുന്നു. ചേർത്തല വാഗൺ ഫാക്ടറിക്കായി AUTOKAST ന്റെ 40 ഏക്കർ ഭൂമി നൽകാമെന്ന നിർദ്ദേശം നിലനിൽക്കെ റയിൽവേ ഫാക്ടറിക്കായി 60 ഏക്കർ സ്ഥലം ആവശ്യപ്പെട്ടു. ടി നിർദ്ദേശത്തിൻമേൽ സംസ്ഥാന സർക്കാർ റയിൽവേയും ബന്ധപ്പെട്ട വകുപ്പുമായും ചർച്ചകൾ നടത്തി വരുന്നു. സംസ്ഥാനത്തിനായി ഒരു പെനിൻസുലാർ റയിൽവേ സോൺ എന്ന ആവശ്യം റയിൽവേയുടെ പരിഗണനയിലിരിക്കെ തന്നെ തിരുവനന്തപുരത്ത് ഒരു സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ നിയമിച്ചു. ഹരിപ്പാടിനും കായംകുളത്തിനും ഇടയിലുള്ള റെയിൽപാത ഇരട്ടിപ്പിക്കൽ പദ്ധതി പൂർത്തീകരിച്ചു കഴിഞ്ഞു. എറണാകുളം - കുമ്പളം, കുമ്പളം - തുറവൂർ, അമ്പലപ്പുഴ - ഹരിപ്പാട് സെക്ഷനുകളുടെ ഇരട്ടിപ്പിക്കൽ പദ്ധതി സ്ഥലം കൈമാറുന്ന മുറയ്ക്ക് മൂന്ന് വർഷത്തിനുള്ളിൽ പൂർത്തീകരിക്കാവുന്നതാണ് എന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്. ഷൊർണ്ണൂർ - കണ്ണൂർ റെയിൽപാതയുടെ വൈദ്യുതീകരണം 2013 മാർച്ച് മാസത്തോടെയും കണ്ണൂർ - മംഗലാപുരം റെയിൽപ്പാതയുടെ വൈദ്യുതീകരണം 2014 മാർച്ച് മാസത്തോടെയും പൂർത്തിയാകുന്നതാണ്. 2014 അവസാനത്തോട് കൂടിയോ 2015 ആദ്യമോ പുനലൂർ - ചെങ്കോട്ട റെയിൽപാതയുടെ ഗേജ് മാറ്റം പൂർത്തിയാക്കുന്നതാണ്. അങ്കമാലി - കാലടി റെയിൽ പാതയുടെ പണി പൂർത്തിയാക്കുന്നതാണ്. ചെന്നൈ - ബാംഗ്ലൂർ - എറണാകുളം - തിരുവനന്തപുരം ഹൈസ്പീഡ് റെയിൽ കോറിഡോർ പദ്ധതിയുടെ പ്രീ - ഫീസിബിലിറ്റി പഠനം പ്രഖ്യാപിച്ചു. കൂടാതെ 2012 -13 -ലെ റെയിൽവേ ബഡ്ജറ്റ് പ്രസംഗത്തിൽ താഴെ പറയുന്ന കാര്യങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 1. നേമത്തും കോട്ടയത്തും ടെർമിനലുകൾ.<br><br>2. പാലക്കാട് റെയിൽ കോച്ച് ഫാക്ടറി.<br><br>3. തിരുവനന്തപുരം മുതൽ ബാംഗ്ലൂർ വരെ ഹൈസ്പീഡ് റെയിൽ കോറിഡോർ.<br><br>4. വിൻഡ്മിൽ പ്ലാന്റ്.<br><br>5. കണ്ണൂർ - കണ്ണൂർ എയർപോർട്ട് ലിങ്ക് പുതിയ പാതയുടെ സർവേ.<br><br>6. ബാലരാമപുരം സ്റ്റേഷനിൽ വിഴിഞ്ഞം തുറമുഖം വഴി പുതിയ പാതയുടെ സർവേ.<br><br>7. കൊല്ലങ്കോട് - തൃശ്ശൂർ പുതിയ പാതയുടെ സർവേ.<br><br>8. അങ്ങാടിപ്പുറം - ഒറ്റപ്പാലം പുതിയ പാതയുടെ സർവേ.<br><br>9. ഇടപ്പള്ളി - ഗുരുവായൂർ പുതിയ പാതയുടെ സർവേ.<br><br>10. ചെങ്ങന്നൂർ - തിരുവനന്തപുരം പുതിയ പാതയുടെ സർവേ.<br><br>11. പൊള്ളാച്ചി - പാലക്കാട് പാതയുടെ ഗേജ് മാറ്റം 2011 - 12 -ൽ പൂർത്തീകരണം.<br><br>12. ഇടമൺ - പുനലൂർ പാതയുടെ ഗേജ് മാറ്റം 2012 - 13 -ൽ പൂർത്തീകരണം.<br><br>13. മാവേലിക്കര - ചെങ്ങന്നൂർ പാതയുടെ ഇരട്ടിപ്പിക്കൽ പൂർത്തീകരണം 2011 - 13 -ൽ.<br><br>14. തിരുവനന്തപുരം - കന്യാകുമാരി പാതയുടെ ഇരട്ടിപ്പിക്കൽ സർവേ.<br><br>15. ആദർശ് സ്റ്റേഷനുകൾ - ആവണീശ്വരം, ചെറുവത്തൂർ, കണ്ണപുരം, കൊട്ടിക്കുളം, മഞ്ചേശ്വരം, നീലേശ്വരം, പരപ്പനങ്ങാടി, പരവൂർ, പയ്യങ്ങാടി.<br><br>16. എറണാകുളം - തൃശ്ശൂർ - പുതിയ മെമു. |

| | | | |
|---|---|---|---|
| (ബി) | റെയിൽവേ വികസന ആവശ്യങ്ങൾ നേടിയെടുക്കുന്നതിന് പ്രത്യേക ശ്രമങ്ങൾ നടത്താൻ സർക്കാർ തയ്യാറാകുമോ? | (ബി) | സംസ്ഥാനത്തിന്റെ റയിൽവേ വികസന ആവശ്യങ്ങൾ ഉൾപ്പെടുത്തി സമഗ്രമായ ഒരു മെമ്മോറാണ്ടം കേന്ദ്ര സർക്കാരിനു സംസ്ഥാന സർക്കാർ 2012 ഫെബ്രുവരി മാസം, 2012 – 13 -ലെ റെയിൽവേ ബഡ്ജറ്റിന് മുന്നോടിയായി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ